പഴശ്ശി അണക്കെട്ടിന്റെ ഭാഗമായുള്ള പഴശ്ശി സാഗർ പദ്ധതിയുടെ പ്രോജക്ട് (സിവിൽ വർക്ക്) ആരംഭിച്ചത് 2017-ലാണ്. 26-10-2017-ൽ M/s RS Development & Construction (India) Private Limited, Erode മായുള്ള എഗ്രിമെന്റ് വച്ചു.

(ബി) പ്രസ്തുത ജലവൈദ്യുത പദ്ധതിയുടെ ഇന്നത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

അനുബന്ധ തുരങ്കനിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. തുരങ്കത്തിനകത്ത് ഉരുക്കുപാളികൾ ഘടിപ്പിക്കുന്ന പ്രവർത്തനം പുരോഗമിച്ചു വരുന്നു. പവർ ഹൗസ് നിർമ്മാണത്തിനായുള്ള പാറ പൊട്ടിക്കൽ പ്രവൃത്തിയും ഇലക്ട്രോമെക്കാനിക്കൽ പ്രവൃത്തികളുടെ പ്രാരംഭ പ്രവർത്തനങ്ങളും പുരോഗമിച്ചു വരുന്നു. സിവിൽ ജോലികൾ 30.78% പുരോഗമിച്ചിട്ടുണ്ട്. പദ്ധതി നിർമ്മാണം 2023 ഫെബ്രുവരിയിൽ പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.

കെ. എസ്. ഇ. ബി. എസ്റ്റിമേറ്റുകൾ

219 (1949) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ പ്രധാന ക്ഷേത്രങ്ങളായ നൂറനാട് പടനിലം ക്ഷേത്രം, ചുനക്കര ക്ഷേത്രം എന്നിവയുടെ പരിസര പ്രദേശങ്ങളിൽ എ.ബി.സി. ലൈനുകളും അണ്ടർ ഗ്രൗണ്ട് ലൈനുകളും സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. എസ്റ്റിമേറ്റുകൾ തയ്യാറാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾക്കാവശ്യമായ തുക അനുവദിക്കുമോ; വിശദമാക്കുമോ?

മാവേലിക്കര മണ്ഡലത്തിലെ പ്രധാന ക്ഷേത്രങ്ങളായ നൂറനാട് പടനിലം ക്ഷേത്രം, ചുനക്കര ക്ഷേത്രം എന്നിവയുടെ പരിസരപ്രദേശങ്ങളിൽ എ.ബി.സി.യു.ജി കേബിൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. നൂറനാട് പടനിലം ക്ഷേത്ര പരിസരത്തെ പ്രവൃത്തികൾക്കായി 1,18,61,846 രൂപയുടെ എസ്റ്റിമേറ്റും, ചുനക്കര ക്ഷേത്ര പരിസരത്തെ പ്രവൃത്തികൾക്കായി 61,00,000 രൂപയുടെ എസ്റ്റിമേറ്റുമാണ് തയ്യാറാക്കിയിട്ടുള്ളത്.

നൂറനാട് പടനിലം ക്ഷേത്രം പ്രവൃത്തി: ഫെബ്രുവരി 2020-ൽ നടന്ന വൈദ്യുതി അദാലത്തിൽ, ടി പ്രവൃത്തിയുടെ തുക അടവാക്കുന്നതിൽ ഇളവ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യപ്പെട്ടുകൊണ്ട്, സെക്രട്ടറി, പടനിലം ക്ഷേത്രഭരണ സമിതിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, ടി കാര്യം പരിശോധിക്കുകയും, അദാലത്ത് കമ്മിറ്റി തീരുമാനപ്രകാരം, എസ്റ്റിമേറ്റ് തുകയിൽ 25% ഇളവ് അനുവദിച്ചുകൊണ്ട്, ബാക്കിത്തുക അപേക്ഷകൻ ഒടുക്കിയാൽ മതിയെന്ന് ഉത്തരവാകുകയും ചെയ്തു. അപേക്ഷകൻ തുക ഒടുക്കുന്നതനുസരിച്ച്, റോഡ് കട്ടിംഗിനുള്ള അനുമതിയും ലഭ്യമാക്കുന്ന മുറയ്ക്ക്, പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്.

ചുനക്കര ക്ഷേത്ര പരിസരത്തെ പ്രവൃത്തി: ഫെബ്രുവരി 2020-ൽ നടന്ന വൈദ്യുതി അദാലത്തിൽ, ചുനക്കര അമ്പലത്തിലെ കെട്ടുത്സവത്തോട് ബന്ധപ്പെട്ടുണ്ടാകുന്ന വൈദ്യുതിതടസ്സം ഒഴിവാക്കുന്നതിനുവേണ്ടിയുള്ള മേൽ പ്രവൃത്തിയുടെ തുക അടവാക്കുന്നതിൽ ഇളവ് ആവശ്യപ്പെട്ടുകൊണ്ട്, സെക്രട്ടറി, തിരുവൈരൂർ ദേവസ്വം ഭരണസമിതി, ചുനക്കര എന്നിവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, ടി കാര്യം പരിശോധിക്കുകയും, അദാലത്ത് കമ്മിറ്റി തീരുമാനപ്രകാരം, എസ്റ്റിമേറ്റ് തുകയിൽ ഉൾപ്പെട്ട 15.6 ലക്ഷം രൂപയുടെ പ്രവൃത്തി PMU-PMSU വർക്കുകളിൽ വിഭാവനം ചെയ്തിട്ടുള്ളതാണെന്നും ബാക്കിത്തുകയായ 45.4 ലക്ഷം രൂപയിൽ 25% ഇളവ് അനുവദിച്ചതിനുശേഷമുള്ള തുകയായ 34.05 ലക്ഷം രൂപ മാത്രം അപേക്ഷകൻ ഒടുക്കിയാൽ മതിയെന്ന് ഉത്തരവാകുകയും ചെയ്തു. മുൻ MLA ശ്രീ. ആർ. രാജേഷ് നൽകിയ കത്ത് പ്രകാരം, ടി പ്രവൃത്തിക്ക് ആവശ്യപ്പെട്ട 34.05 ലക്ഷം രൂപ, ബഹുമാനപ്പെട്ട എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിക്കുവാൻ സമ്മതം അറിയിച്ചതിൻപ്രകാരം, ചുനക്കര അമ്പലത്തിലെ കെട്ടുകാഴ്ച സഞ്ചരിക്കുന്നവഴി, കെട്ടുകാഴ്ചകളുടെ ഉയരം എന്നിവ ദേവസ്വം ഭരണസമിതിയുമായി ആലോചിച്ചതിന് ശേഷം, വിശദമായ എസ്റ്റിമേറ്റ് സഹിതം ആലപ്പുഴ ജില്ലാകളക്ടർക്ക് 1-7-2021 സമർപ്പിക്കുകയുണ്ടായി.

പ്രാദേശിക വൈദ്യുതി വിതരണം

220 (1950) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ മൂന്ന് ജലവൈദ്യുത പ്രോജക്ടുകളിൽ വിലങ്ങാട്, ചാത്തൻകോട്ടുനട എന്നീ പ്രോജക്ടുകളിൽ പ്രാദേശികമായി വൈദ്യുതിവിതരണം ലഭ്യമാണെങ്കിലും, പഴയ പദ്ധതിയായ പൂഴിത്തോട് പദ്ധതിയിൽനിന്നും വൈദ്യുതി പ്രാദേശികമായി നേരിട്ട് ലഭിക്കുക എന്ന പ്രദേശവാസികളുടെ ദീർഘകാലത്തെ ആവശ്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ;

&